(സി) പ്രൈമറി സഹകരണ സംഘങ്ങളിലെ നിയമനങ്ങൾ നടത്തുന്നതിൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണമുണ്ടോയെന്നുള്ള വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 15 അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലേയും 14 ജില്ലാ സഹകരണ ബാങ്കുകളിലേയും നേരിട്ടുള്ള നിയമനങ്ങളാണ് പി.എസ്.സി. മുഖേന നടത്തുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ജില്ലാ സഹകരണ ബാങ്കുകളുടെ റിക്രൂട്ട്മെന്റ് ചട്ടങ്ങൾ ബാങ്കുകൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) നിയമന കാര്യങ്ങളിൽ സഹകരണ നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിയന്ത്രണങ്ങൾ ഉണ്ട്.

സഹകരണ നീതി സ്പെയർ പാർട്ട്സ് സ്റ്റോറുകൾ

138 (306) ശ്രീ. പി. കെ. അബ്ദുറബ്ബ്:
ശ്രീ. സി. മൊയിൻകുട്ടി:
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ ഗുണനിലവാരമുള്ള സ്പെയർപാർട്ടുകൾ ന്യായ വിലയ്ക്ക് ലഭ്യമാക്കാൻ നീതി സ്പെയർ പാർട്ട്സ് സ്റ്റോറുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം; ഇവ എപ്പോൾ ആരംഭിക്കും;

(സി) ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇക്കാര്യം പരിശോധനയിലാണ്.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

സ്വാശ്രയ സഹകരണ സംഘങ്ങളുടെ ഘടന

139 (307) ശ്രീ. പി. രാജു:
പ്രൊഫ. മീനാക്ഷി തമ്പാൻ:
ശ്രീ. സി. എൻ. ജയദേവൻ:
ശ്രീ. കെ.പി. രാജേന്ദ്രൻ:
ശ്രീമതി ആർ. ലതാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സംഘങ്ങളുടെ ഘടന വ്യക്തമാക്കുമോ ;

(സി) ഈ സംഘങ്ങളുടെ രൂപീകരണത്തിനും പ്രവർത്തനത്തിനുമായി എന്തെല്ലാം സഹായങ്ങൾ നൽകി വരുന്നുണ്ടെന്നു വെളിപ്പെടുത്തുമോ ;

(ഡി) ഈ സംഘങ്ങളിൽക്കൂടി വായ്പയെടുക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സഹകരണ വകുപ്പിന്റെ കീഴിൽ സ്വാശ്രയ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടില്ല. എന്നാൽ കണ്ണൂർ, എറണാകുളം, പാലക്കാട് ജില്ലകളിലായി 91 പ്രാഥമിക സഹകരണ സംഘങ്ങളുടെ കീഴിൽ 423 സ്വാശ്രയ സഹായ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങളുടെ കീഴിൽ സ്വാശ്രയ സഹായ ഗ്രൂപ്പുകളായാണ് രൂപീകരിക്കുന്നത്. നാമമാത്ര കർഷകർ, കൃഷിഭൂമി ഉടമകൾ, ഭൂരഹിത കർഷകത്തൊഴിലാളികൾ, കാർഷികവൃത്തിയിൽ താല്പര്യമുള്ളവർ, ട്രൈബൽ ജനവിഭാഗങ്ങൾ എന്നീ വിഭാഗങ്ങളിൽ നിന്ന് 15 മുതൽ 20 വരെ ആളുകളെ ഉൾപ്പെടുത്തി നിയമാവലി അംഗീകരിച്ച് ഗ്രൂപ്പ് രൂപീകരിക്കുന്നു. ഗ്രൂപ്പിന്റെ ചുമതലകൾ നിർവ്വഹിക്കാൻ അംഗങ്ങളിൽ നിന്നും ജനാധിപത്യപരമായി തെരഞ്ഞെടുക്കുന്ന കൺവീനറും മറ്റ് നാല് അംഗങ്ങളും ഉൾക്കൊള്ളുന്ന ഭാരവാഹികൾ ഉണ്ടായിരിക്കും.

(സി) സ്വാശ്രയ ഗ്രൂപ്പിലെ അംഗത്വഫീസും, നിക്ഷേപമായി സ്വരൂപിക്കുന്ന തുകയുടെ 4 ഇരട്ടി വരെയുള്ള തുക ധനസഹായമായി പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും ഗ്രൂപ്പുകൾക്ക് ലഭിക്കുന്നുണ്ട്. കൂടാതെ ഗ്രൂപ്പ് രൂപീകൃതമാകുമ്പോൾ പ്രാഥമിക ചെലവിനായി ഓരോ ഗ്രൂപ്പിനും 1000 രൂപ വീതം സർക്കാർ ഗ്രാന്റായി നൽകുന്നുണ്ട്. സ്വാശ്രയ സഹായ പദ്ധതിക്ക് നേതൃത്വം നൽകുന്ന പ്രാഥമിക സഹകരണ സംഘത്തിന് ഒരു പ്രാവശ്യം ഒരു ലക്ഷം രൂപ ക്രമത്തിൽ പരമാവധി 2 ലക്ഷം രൂപ വരെ സർക്കാർ ഓഹരി മൂലധനം നൽകി വരുന്നു. സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും 9.5% പലിശയ്ക്ക് ലഭിക്കുന്ന വായ്പ യഥാസമയം തിരിച്ചടയ്ക്കുന്ന ഗ്രൂപ്പുകൾക്ക് 5% പ്രൊഡക്ഷൻ ഇൻസെന്റീവ് സർക്കാർ ഗ്രാന്റായി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ബാക്കി പലിശ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ കൃഷിക്ക് നീക്കിവച്ചിട്ടുള്ള വിഹിതത്തിൽ നിന്ന് നൽകുവാൻ സാധ്യമാവുമോ എന്ന് പരിശോധിച്ചു വരുന്നു. കൂടാതെ ജില്ലാ സഹകരണ ബാങ്ക് ഇൻഷ്വറൻസ് ഏജൻസിയുമായി ചേർന്ന് തയ്യാറാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പരിരക്ഷയും സ്വാശ്രയ ഗ്രൂപ്പിന് ലഭ്യമാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

(ഡി) സ്വാശ്രയ ഗ്രൂപ്പുകൾ തയ്യാറാക്കുന്ന കാർഷിക പദ്ധതിക്ക് ആവശ്യമായ വായ്പ പദ്ധതി പരിശോധിച്ച് പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും വായ്പ നല്കിവരുന്നു. ഹ്രസ്വകാല പ്രവർത്തനങ്ങൾക്ക് ഹ്രസ്വകാല

LIBRARY ARCHIVES Kerala Legislative Assembly

വായ്പയും മറ്റു പ്രവർത്തനങ്ങൾക്ക് തിരിച്ചടവ് പ്രായോഗികമാക്കുന്ന തരത്തിൽ മദ്ധ്യകാല/ദീർഘകാല വായ്പയും നൽകി വരുന്നു. പ്രാഥമിക സഹകരണ ബാങ്കിന് ജില്ലാ സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കിന് സംസ്ഥാന സഹകരണ ബാങ്കും പുനർ വായ്പ നൽകി വരുന്നു.

സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കിലുമുള്ള നിയമനങ്ങൾ

140 (308) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എം. കെ. മുനീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ 1999 വരെ സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കുകളിലും ഓരോ തസ്തികകളിൽ എത്ര പേരെവീതം നിയമിച്ചു ;

(ബി) ഇതിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് നിയമനം നൽകി ;

(സി) മറ്റ് സംവരണ വിഭാഗത്തിൽപ്പെട്ട എത്ര പേരെ ഈ നിയമനങ്ങളിൽ തെരഞ്ഞെടുത്തു ;

(ഡി) ഇത്തരം നിയമനങ്ങളിൽ സംവരണ വിഭാഗത്തിൽപ്പെട്ടവരുടെ കുറവ് നികത്താൻ അവർക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 1996 മുതൽ 1999 വരെയുള്ള കാലയളവിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ 99 പേരെയും ആശ്രിത നിയമനം വഴിയും, വികലാംഗരെ സ്ഥിരപ്പെടുത്തിയതു വഴിയും 34 പേരെയും ജില്ലാ സഹകരണ ബാങ്കുകളിലും സംസ്ഥാന ബാങ്കിലും (മൊത്തം 133 പേരെ) നിയമിച്ചു. തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 11 പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) മറ്റ് സംവരണ വിഭാഗത്തിൽപ്പെട്ട 15 പേരെ തെരഞ്ഞെടുത്തു.

(ഡി) കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 80 (4) അനുസരിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 10% റിസർവേഷനുള്ള വ്യവസ്ഥയാണുള്ളത്. ഈ വ്യവസ്ഥ നിലവിൽ വന്നത് 25-2-1985-ന് ആണ്. അതിനാൽ പ്രസ്തുത തീയതിക്കുശേഷം സഹകരണ സംഘങ്ങളിൽ നടത്തുന്ന നേരിട്ടുള്ള നിയമനത്തിൽ ടി സംവരണ വ്യവസ്ഥ കർശനമായും

† അനുബന്ധം XXI

LIBRARY ARCHIVES Kerala Legislative Assembly